# പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *74** 30/06/2016-ലെ മറുപടിയ്ക്ക്

## അമിത ചുമട്ടു കൂലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | അമിത ചുമട്ടുകൂലി നിർത്തലാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിരുന്നത്; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച ചർച്ചകൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | സംസ്ഥാനമൊട്ടാകെയുള്ള അമിതകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത് വിശദമാക്കുമോ; | സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി, |

| | | |
|---|---|---|
| | | എസ്.ബി.റ്റി.യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിതവേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 155214/1800-42-555-214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. |
| (ഡി) | പദ്ധതി നിർവഹണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരി ച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാ ക്കുമോ? | ഡി) അമിത ചുമട്ടുകൂലി ഈടാക്കുന്നതായുള്ള പരാതികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. കോൾ സെന്റർ മുഖേനയും മറ്റും ലഭിക്കുന്ന പരാതികളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ